**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2604** **04-03-2025 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്തെ പ്രധാന പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായം കുറെക്കാലമായി പ്രതിസന്ധിയിലാണ്. പ്രസ്തുത പ്രതിസന്ധിയ്ക്ക് ഇടയാക്കിയ കാരണങ്ങളെയും പരിഹാരങ്ങളെയും പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്തെ കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന വെല്ലുവിളികളിൽ പ്രധാനം അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവ്, ഉൽപ്പാദനച്ചെലവ് വർദ്ധിക്കുന്നത്, കടുത്ത അന്താരാഷ്ട്ര മത്സരം, വർദ്ധിച്ച് വരുന്ന കടങ്ങൾ,** തോട്ടണ്ടിയ്ക്ക് ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം, നോട്ട് നിരോധനം, 2020 -ൽ കശുവണ്ടി പരിപ്പിന്റെ exporting incentive നിർത്തലാക്കൽ തുടങ്ങിയ കേന്ദ്രസർക്കാർ നയങ്ങളും കേരളത്തിൽ കശുവണ്ടി വ്യവസായത്തേയും കടുത്ത പ്രതിസന്ധിയിലാക്കി. അന്താരാഷ്ട്ര തലത്തിൽ വിയറ്റ്നാം, ആഫ്രിക്കൻ രാജ്യങ്ങളായ ഐവറി കോസ്റ്റ്, ബെനിൻ മുതലായ രാജ്യങ്ങൾ പൂർണ്ണ യന്ത്രവൽക്കരണം നടത്തി ഉൽപ്പാദന ചിലവ് കുറച്ച് സ്വന്തമായി ഫാക്ടറികൾ പ്രവർത്തിപ്പിക്കാൻ ആരംഭിച്ചതോടെ കൂടുതൽ അളവിൽ തോട്ടണ്ടി അവർക്ക് ആഭ്യന്തര ഉപഭോഗത്തിന് ആവശ്യമായിവരികയും തൽഫലമായി തോട്ടണ്ടിക്ക് വലിയ ഡിമാൻഡ് ഉണ്ടാകുകയും അന്താരാഷ്ട്ര മാർക്കറ്റിൽ വില വർധിക്കുകയും ചെയ്തു |
| (ബി) | കശുവണ്ടി വ്യവസായ രംഗത്തെ പ്രതിസന്ധിമൂലം സംസ്ഥാനത്ത് നിരവധി കശുവണ്ടി ഫാക്ടറികൾ പൂട്ടിയെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (ബി) | കശുവണ്ടി വ്യവസായ രംഗത്തെ പ്രതിസന്ധി മൂലം സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾ ഒന്നുംതന്നെ പൂട്ടിയിട്ടില്ല. എന്നാൽ സ്വകാര്യ മേഖലയിലെ നിരവധി കശുവണ്ടി ഫാക്ടറികൾ കൂടുതലായി പൂട്ടിയിട്ടുള്ളത് സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി മു**ൻ സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി കശുവണ്ടി വ്യവസായത്തിനായി സ്വകാര്യ വ്യവസായികൾ എടുത്ത് NPA ആയ ലോണുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കി. തുടർന്ന് കൂടുതൽ വ്യസായികളെ ടി പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനായി ബാങ്കുകളുമായി വ്യവസായികൾ കരാറിലേർപ്പെടാനുള്ള തീയതി വിവിധ ഘട്ടങ്ങളിലായി 31/12/2024 വരെ നീട്ടി നൽകിയിരുന്നത് 31.12.2025 വരെ നീട്ടി നൽകാൻ എസ് എൽ ബി സി കൺവീനർ ബാങ്കുകൾക്ക് നേരിട്ട് നിർദ്ദേശം നൽകുകയും ചെയ്തു**<br><br>**സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി രൂപീകരിച്ച വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 30 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി 2024-25 സാമ്പത്തിക വർഷം 200 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്ക് അനുവദിച്ച് നൽകുകയും ആയത് വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ സ്വകാര്യ കശുവണ്ടി മേഖലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതിയിൽ നടപ്പ സാമ്പത്തിക വർഷം 80 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്**<br><br>**കൂടാതെ, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ കശുവണ്ടി മേഖലയ്ക്ക് 30 കോടി രൂപ റിവൈവൽ ഫണ്ടും സ്വകാര്യ കശുവണ്ടി മേഖലയിൽ സ്ത്രീ-സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി 2 കോടി രൂപയും ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ പുനരുജ്ജീവനത്തിനായി 2 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്** |
| (സി) | പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളിൽ നൂറ് ദിവസത്തെ ജോലി നൽകാൻ സാധിക്കുന്നില്ല എന്ന | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖലയിലെ |

| | | | |
|---|---|---|---|
| | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | കശുവണ്ടി ഫാക്ടറികളിൽ ശരാശരി 100 ദിവസത്തിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട് |
| (ഡി) | കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനായി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള 40 കശുവണ്ടി ഫാക്ടറികളും നിലവിൽ തുടർച്ചയായി പ്രവർത്തിച്ചു വരുന്നു. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്ത് നൽകുന്ന തോട്ടണ്ടി വിനിയോഗിച്ചാണ് പ്രസ്തുത ഫാക്ടറികൾ പ്രവർത്തിക്കുന്നത്<br><br>കശുവണ്ടി വികസന കോർപ്പറേഷന് ഗ്രാറ്റുവിറ്റി കുടിശ്ശിക ഇനത്തിലും ആധുനികവത്കരണത്തിനും ബ്രാൻഡ് ബിൽഡിംഗിനുമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 27.21 കോടി രൂപ നൽകിയിട്ടുണ്ട്.കാപ്പക്സിന് ഇക്കാലയളവിൽ 12.1007 കോടി രൂപയും സർക്കാർ സാമ്പത്തിക സഹായം നൽകി.സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികൾ പുനരുദ്ധരിക്കുന്നതിനായി **മുൻ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി കശുവണ്ടി വ്യവസായത്തിനായി സ്വകാര്യ വ്യവസായികൾ എടുത്ത് NPA ആയ ലോണുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയിരുന്നു.**<br><br>**സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി രൂപീകരിച്ച വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 30 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി 2024-25 സാമ്പത്തിക വർഷം 200 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്ക് വ്യവസായ വാണിജ്യ ഡയറക്ടർക്ക് അനുവദിച്ചു. കൂടാതെ സ്വകാര്യ കശുവണ്ടി മേഖലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിന് മൂലധന ഗ്രാന്റും പലിശ സബ്സിഡിയും അനുവദിക്കുന്ന പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം 80 ലക്ഷം** |

| | | | |
|---|---|---|---|
| | | | രൂപയും വ്യവസായ വാണിജ്യ ഡയറക്ടർക്ക് റിലീസ് ചെയ്ത് നല്കിയിട്ടുണ്ട്<br><br>കശുവണ്ടി മേഖലയിലെ സമഗ്ര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി തൊഴിലുടമകൾ ഇ.എസ്.ഐ, ഇ.പി.എഫ് വിഹിതമായി അടയ്ക്കുന്ന തുകയുടെ 50% തിരികെ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇതിന്റെ ഉദ്ഘാടനം 27/02/2025 -ൽ വ്യവസായ വകുപ്പ് മന്ത്രി നിർവ്വഹിച്ചിരുന്നു. ഇതിന്റെ ഭാഗമായി 2 കോടി രൂപ വിതരണം ചെയ്തു<br><br>ഇതിന് പുറമെ, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ കശുവണ്ടി മേഖലയ്ക്ക് 30 കോടി രൂപ റിവൈവൽ ഫണ്ടും സ്വകാര്യ കശുവണ്ടി മേഖലയിൽ സ്ത്രീ-സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി 2 കോടി രൂപയും ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ പുനരുജ്ജീവനത്തിനായി 2 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ